"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വി.ഗോപിനാഥന്റെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.561/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1 നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 30.12.2020 തിയതിയിലെ ഇ3-8652/20 നമ്പർ ഉത്തരവ്.

2 നഗരകാര്യഡയറക്ടറുടെ 30.12.2020 തിയതിയിലെ ഇ3-8652/20 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 25.02.2006ൽ എൽ.ഡി.ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വി.ഗോപിനാഥൻ ടി തസ്തികയിലെ നിരീക്ഷണ കാലയളവ് 25.02.2008 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും, 31.01.2014ൽ ടിയാന് 50 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ടിയാന്റെ നിരീക്ഷണ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (24.02.2009 വരെ) ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് 01.02.2014ന് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ നിരീക്ഷണ കാലയളവ് 02.02.2014 വരെ ദീർഘിപ്പിക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 25.02.2006ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വി.ഗോപിനാഥൻ 31.01.2014 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ് & എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 31.01.2014 തീയതി പൂർവ്വാഹം പ്രാബല്യത്തിൽ ടിയാന്റെ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതി അവസാനിച്ച 25.02.2009

പൂർവാഹ്നം മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 01.02.2014 അപരാഹ്നം വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. വി.ഗോപിനാഥൻ ,സീനിയർ ക്ളർക്ക് , തൃശ്ശൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ